# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.961** **05.03.2020 ൽ മറുപടിക്ക്**

## പി.ഡബ്ല്യൂ.ഡി. എൻജിനിയർമാർക്കുള്ള പരിശീലന കേന്ദ്രം

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലത്ത് നിർമ്മിക്കുന്ന പി.ഡബ്ല്യൂ.ഡി. എൻജിനിയർമാർക്കുള്ള പരിശീലന കേന്ദ്രത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;<br><br>(ബി) പ്രസ്തുത കേന്ദ്രവുമായി ബന്ധപ്പെട്ട് നിലവിൽ എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനി ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ടെന്നും അവ ഓരോന്നും എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ; | (എ) & (ബി) | കേരളത്തിലെ പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായുള്ള സ്ഥിരം സംവിധാനം എന്ന നിലയിൽ കോതമംഗലത്തു നിന്നും 20 കി.മീ. അകലെ നേര്യമംഗലത്ത് പെരിയാറിന്റെ തീരത്ത് പരിശീലന സെന്ററിന്റെ പണി പുരോഗമിക്കുന്നു. ഇതിന്റെ ഒന്നാം ഘട്ടമായി 3553 ച.മീ. വിസ്തീർണ്ണത്തിൽ 448 ലക്ഷം രൂപ ചെലവിൽ സെല്ലാർ, താഴത്തെ നില, ഒന്നാം നില എന്നിവ 02/07/2013-ൽ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>രണ്ടാംഘട്ടമായി നിലവിലുള്ള കെട്ടിടത്തിനു മുകളിൽ 1276 ച.മീ. വിസ്തീർണ്ണത്തിൽ രണ്ടാം നിലയും, ഒന്നാം ഘട്ടത്തിന്റെ പൂർത്തീകരണ വേലകൾ ഉൾപ്പെടെ 700 ലക്ഷം രൂപ മുടക്കി 05/06/2015-ൽ പണി ആരംഭിക്കുകയും 01/12/2016-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഘട്ടത്തിൽ ചുറ്റുമതിൽ ഗേറ്റ്, മുറ്റം, റോഡ് മുതലായവ പേവിങ്ങ് ടൈൽസ് വിരിക്കൽ വേലകൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഈ കോമ്പൗണ്ടിനുള്ളിൽ തന്നെ 276 ച.മീ. വിസ്തീർണ്ണത്തിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയും 185 ച.മീ. വിസ്തീർണ്ണത്തിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ഓഫീസിന്റെയും കെട്ടിടങ്ങൾ 58 ലക്ഷം രൂപ മുടക്കി 11/03/2015-ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ വേലകളും പൂർത്തീകരിച്ച ഇവിടെ ലബോറട്ടറി ഉപകരണങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്.<br><br>മൂന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 26/02/2016-ൽ ആരംഭിക്കുകയും 17/12/2018-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 3033 ച.മീ. |

വിസ്തീർണ്ണത്തിൽ മൂന്ന് നിലകളിലായി 44 മുറികളും 3 സ്യൂട്ടുകളും ഉൾപ്പെടെയുള്ള റസ്റ്റ് ഹൗസിന്റെ നിർമ്മാണമാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പൈൽ ഫൗണ്ടേഷൻ വേണ്ടി വന്നതിനാൽ മുഴുവൻ പണികളും ലഭ്യമായ ഫണ്ടിൽ പൂർത്തീകരിക്കാൻ സാധിച്ചില്ല. മൂന്നാം ഘട്ടത്തിന്റെ ബാലൻസ് വർക്കുകൾക്കായി 434.91 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ഈ വർക്ക് പി.ഡബ്ല്യൂ.ഡി. സെൻട്രൽ സർക്കിൾ ഓഫീസിൽ ടെണ്ടർ ചെയ്ത് പണികൾ നടന്നുകൊണ്ടിരിക്കുന്നു. മൂന്നാം ഘട്ടവേലകളിൽ ഉൾപ്പെട്ടിരുന്ന 85 ലക്ഷം രൂപയുടെ ഫർണിച്ചറുകൾ വാങ്ങുന്നതിനുള്ള വേല പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ ബാലൻസ് വർക്കുകൾ ഉൾപ്പെടുത്തി 111 ലക്ഷം രൂപയുടെ ടെണ്ടർ നടത്തി യൂട്ടിലിറ്റി സപ്ലൈ ചെയ്യുന്നതിനായുള്ള എഗ്രിമെൻറ് വെച്ച് വേലകൾ നടക്കുന്നു. ട്രെയിനിംഗ് സെന്ററിന്റെയും, റസ്റ്റ് ഹൗസിന്റെയും നിർമ്മാണ പ്രവൃത്തികൾ 2020 ഡിസംബറോടെ പൂർത്തീകരിക്കും. ഭരണാനുമതി ലഭിച്ച ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് വേലകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് അഡീഷണൽ വർക്കുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

നാലാം ഘട്ടമായി ഈ കോംപ്ലക്സിനകത്തു തന്നെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കൺവെൻഷൻ സെൻററിനായുള്ള A/R ഡ്രോയിംഗ് തയ്യാറാക്കി ഇൻവെസ്റ്റിഗേഷൻ വേലകൾ പൂർത്തീകരിച്ച് സ്ട്രക്ച്ചറൽ ഡിസൈൻ ചെയ്യുന്നതിന് പി.ഡബ്ല്യൂ.ഡി. ഡിസൈൻ വിംഗിലേക്ക് നൽകിയിട്ടുള്ളതാണ്. കൂടാതെ ഇവിടെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്റ്റാഫ് ക്വാർട്ടേഴ്സിനായുള്ള A/R ഡ്രോയിംഗ് തയ്യാറാക്കി ഇൻവെസ്റ്റിഗേഷൻ ജോലികളും പൂർത്തീകരിച്ച് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനായി സമർപ്പിച്ചിരിക്കുകയാണ്.

| | | |
|---|---|---|
| (സി) കേന്ദ്രത്തിന്റെ മൂന്നാംഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (സി) | മൂന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 26/02/2016-ൽ ആരംഭിക്കുകയും 17/12/2018-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 3033 ച.മീ. വിസ്തീർണ്ണത്തിൽ മൂന്ന് നിലകളിലായി 44 മുറികളും 3 സ്യൂട്ടുകളും ഉൾപ്പെടെയുള്ള റസ്റ്റ് |

ഹൗസിന്റെ നിർമ്മാണമാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പൈൽഫൗണ്ടേഷൻ വേണ്ടി വന്നതിനാൽ മുഴുവൻ പണികളും ലഭ്യമായ ഫണ്ടിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. മൂന്നാംഘട്ടത്തിന്റെ ബാലൻസ് വർക്കുകൾക്കായി 434.91 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ഈ വർക്ക് പി.ഡബ്ല്യു.ഡി. സെൻട്രൽ സർക്കിൾ ഓഫീസിൽ ടെണ്ടർ ചെയ്ത് പ്രവൃത്തി നടന്നുവരികയാണ്. മൂന്നാം ഘട്ട വേലകളിൽ ഉൾപ്പെട്ടിരുന്ന 85 ലക്ഷം രൂപയുടെ ഫർണിച്ചറുകൾ വാങ്ങുന്നതിനുള്ള വേല പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ ബാലൻസ് വർക്കുകളിൽ ഉൾപ്പെടുത്തി 111 ലക്ഷം രൂപയുടെ ടെണ്ടർ നടത്തി ബാക്കി ഫർണിച്ചർ ചെയ്യുന്നതിനായുള്ള വേലകൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു.

| | | | |
|---|---|---|---|
| (ഡി) | ഈ സർക്കാർ നിലവിൽ വന്നശേഷം പ്രസ്തുത ട്രെയിനിംഗ് സെന്ററിൽ എന്തെല്ലാം പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്നും അതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും വിശദമാക്കാമോ; | (ഡി) | ഈ സർക്കാർ നിലവിൽ വന്നതിനുശേഷം മൂന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 17/12/2018-ൽ പൂർത്തീകരിച്ചു. ഇതിൽ 620 ലക്ഷം രൂപയുടെ സിവിൽ വർക്കിൽ, 2 സെല്ലാറുകളും ഗ്രൗണ്ട് ഫ്ളോർ ഉൾപ്പെടെ മൂന്നു നിലകളുടെ സ്ട്രക്ച്ചറൽ വർക്ക് (1854 ചതുരശ്രമീറ്റർ), ഗ്രൗണ്ട് ഫ്ളോറിലെ 12 മുറികളും, ഇലക്ട്രിക്കൽ റൂം ടോയ്‌ലറ്റ് സൗകര്യങ്ങൾ, ലോബികൾ എന്നിവയുടെ പൂർത്തീകരണവും കഴിഞ്ഞിട്ടുണ്ട്. ഫെയ്സ് 3 വർക്കിൽ ഫർണിച്ചറിന് 2.9 കോടി രൂപയുടെ ഭരണാനുമതി ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 85.65 ലക്ഷം രൂപയുള്ള ഫർണിച്ചർ വേലകൾ പൂർത്തീകരിച്ചിട്ടുണ്ട്. 111.24 ലക്ഷം രൂപയുടെ ഫർണിച്ചർ വേലകൾ പൂർത്തീകരിക്കുന്നു. ഇലക്ട്രിക്കൽ വേലകൾ പൂർത്തീകരിച്ചു.<br>ഫെയ്സ് 3 (ബാലൻസ് വർക്കിന്) 434.91 ലക്ഷം രൂപയുടെ ഭരണാനുമതി 03/01/2019-ൽ നൽകി പണികൾ ആരംഭിച്ചു. ഇതിൽ റെസ്റ്റ് ഹൗസ് കെട്ടിടത്തിന്റെ ഒന്നും, രണ്ടും നിലകളുടെ നിർമ്മാണവും (1779 ചതുരശ്രമീറ്റർ), 2 സെല്ലാറുകളുടെ പൂർത്തീകരണവും ഇലക്ട്രിക്കൽ വേലകളും പൂർത്തീകരിച്ചു. |
| (ഇ) | എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിച്ച് പ്രസ്തുത പരിശീലന | (ഇ) | ട്രെയിനിംഗ് സെന്ററിന്റെയും, റസ്റ്റ് ഹൗസിന്റെയും സിവിൽ പ്രവൃത്തികൾ ഡിസംബർ 2020-ൽ |

| | |
|---|---|
| കേന്ദ്രം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | പൂർത്തീകരിക്കും. കോൺഫറൻസ് ഹാളുകൾക്ക് വേണ്ട കമ്പ്യൂട്ടറുകൾ, സൗണ്ട് സിസ്റ്റം, സിസി ടിവി മുതലായവയ്ക്ക് വേണ്ടി 125 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഇലക്ട്രോണിക്സ് വിംഗും, എസി, അഡീഷണൽ ഇലക്ട്രിക് വേലകൾ ട്രാൻസ്ഫോർമർ ഉൾപ്പെടെ 94 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഇലക്ട്രിക് വിംഗും തയ്യാറാക്കി വരുന്നു. ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനത്തിന് ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**